بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 04.10.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

# തിരുനബി ചരിത്രം: അഹ്സാബ് യുദ്ധം - 5

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ الرَّحۡمٰنِ الرَّحِيۡمِ ۝ مٰلِکِ يَوۡمِ الدِّيۡنِ ۝ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഇപ്പോൾ ഖുതുബകളിൽ പറഞ്ഞുവരുന്ന അഹ്സാബ് യുദ്ധത്തെ സംബന്ധിച്ച കൂടുതൽ വിവരണങ്ങൾ ഇപ്രകാരമാകുന്നു, കിടങ്ങു മുറിച്ചു കടന്നെങ്കിലും മുശിരിക്കീങ്ങൾക്ക് ഒരു വിജയവും കൈവരിക്കാൻ ആയില്ല. മാത്രമല്ല വളരെ നിരാശയും (അവർക്ക്) അനുഭവപ്പെട്ടു. അപ്പോൾ അവർ രാവിലെ ഒന്നിച്ച് ആക്രമിക്കാം എന്നു തീരുമാനമാനിച്ചു. രാവിലെ അവർ കിടങ്ങിനെ വലയം ചെയ്തു. കിടങ്ങ് മുറിച്ചു കടക്കാനുള്ള പരിശ്രമത്തോടൊപ്പം ശക്തമായ രീതിയിലുള്ള അമ്പെയ്തു പോരാട്ടവും നടന്നിരുന്നു. അവിശ്വാസികൾ മുസ്ലിങ്ങൾ ഏതെങ്കിലും വിധത്തിൽ അശ്രദ്ധരാകുന്നതും കാത്തു കഴിയുകയായിരുന്നു. അവർ ഈ ആക്രമണവും പരിശ്രമവും ഇടയ്ക്കിടെ നടത്തിക്കൊണ്ടേയിരുന്നു. ഈ സന്ദർഭത്തിൽ വഹ്ശി ബിൻ ഹർബ്, തുഫൈൽ ബിൻ നുഅ്മാനെയോ തുഫൈൽ ബിൻ മാലിക് ബിൻ നുഅ്മാൻ അൻസാരിയെയോ തന്റെ ചെറിയ അമ്പ്കൊണ്ട് ശഹീദാകുക്കുകയുണ്ടായി. ഹദ്റത്ത് സഅദ് ബിനു മആദിനും ഒരു അമ്പ് കൊണ്ട് പരിക്കേൽക്കുകയും ഈ പരിക്ക് കാരണം കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹം ശഹീദാകുകയുമുണ്ടായി.

ഈ ദിവസത്തിൽ തന്നെയായിരുന്നു തുടർച്ചയായ തിരക്കുകളും കൂടെ കൂടെയുള്ള ആക്രമണങ്ങളും കാരണത്താൽ മുസ്ലിങ്ങൾക്ക് നമസ്കാരം യഥാസമയത്ത് അനുഷ്ഠിക്കാൻ കഴിയാതെ വന്നതും. ആ ദിവസവും നമസ്കാരങ്ങൾ (സാധാരണ പോലെ) അനുഷ്ഠിച്ചുകൊണ്ടിരുന്നു. പക്ഷേ തുടർച്ചയായ ഭയവും അസ്വസ്ഥതയും ഉള്ള അവസ്ഥയിലാണ് ഈ നമസ്കാരങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നത്. അസറിന്റെ നേരത്ത് ആക്രമണം വളരെയേറെ തീവ്രമായി. അങ്ങനെ അസർ നമസ്കാരം അനുഷ്ഠിക്കുന്നതിൽ പ്രയാസം നേരിട്ടു. അത് പിന്നീട് കുറഞ്ഞ നേരം കൊണ്ട് അനുഷ്ഠിക്കേണ്ടി വന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: ആ സമയത്ത് സ്വലാത്തുൽ ഖൗഫ് (യുദ്ധവേളയിലെ നമസ്കാരം) ആരംഭിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് തുടർച്ചയായ അപകടവും തിരക്കും കാരണം ഒരു നേരത്തെ നമസ്കാരം അതായത് അസർ സമയം തെറ്റി, അത് മഗ്രിബുമായി ചേർത്ത് അനുഷ്ഠിക്കേണ്ടി വന്നു. ചില നിവേദനങ്ങൾ അനുസരിച്ച് ളുഹർ അസർ നമസ്കാരങ്ങളാണ് അസമയത്ത് അനുഷ്ഠിക്കേണ്ടി വന്നത് എന്നുമുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നമസ്കാരങ്ങൾ യഥാസമയം അനുഷ്ഠിക്കാൻ കഴിയാതെ വന്നതിനെ സംബന്ധിച്ച് വിവരിക്കുന്നു: അതിൽ തിരുനബി(സ)ക്ക് വളരെയേറെ ഖേദം ഉണ്ടായിരുന്നു. തിരുനബി(സ) പറഞ്ഞു: അല്ലാഹു കാഫിരീങ്ങൾക്ക് ശിക്ഷ നൽകുമാറാകട്ടെ, അവർ നമ്മുടെ നമസ്കാരങ്ങൾ നഷ്ടപ്പെടുത്തി. ഇതിൽനിന്ന് തിരുനബി(സ)യുടെ ധാർമിക സ്വഭാവത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. നബി(സ)നു ലോകത്ത് ഏറ്റവും ഇഷ്ടമുള്ള സംഗതി അല്ലാഹുവിന്റെ ഇബാദത്ത് ആയിരുന്നു എന്നും മനസ്സിലാകുന്നു.

ഇക്കാലഘട്ടത്തിലെ വിധികർത്താവായ വാഗ്ദത്ത മസീഹ്(അ) ഈ എല്ലാ നിവേദനങ്ങളെയും അതായത് എല്ലാ നമസ്കാരങ്ങളും രാത്രി ഒന്നിച്ച് നമസ്കരിച്ചു എന്ന നിവേദനങ്ങളെ ദുർബലമാണെന്ന് വിധിച്ചിരിക്കുന്നു. വിശ്വാസയോഗ്യമായ ഒരു ഹദീസിലും നാല് നമസ്കാരങ്ങൾ ഒന്നിച്ച് അനുഷ്ഠിച്ചു എന്ന പരാമർശം പോലും ഇല്ല.

സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിൽ എഴുതുന്നു, അസർ നമസ്കാരം സാധാരണഗതിയിൽനിന്നും വ്യത്യസ്തമായി കുറഞ്ഞ സമയത്തിനുള്ളിൽ അനുഷ്ഠിക്കേണ്ടി വന്നു.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു: തിരുനബി(സ) തിങ്കളാഴ്ചയും ചൊവ്വാഴ്ചയും ബുധനാഴ്ചയും ളുഹറിനും അസറിനും ഇടയിൽ വരികയും പിന്നെ തന്റെ മേലുള്ള പുതപ്പ് വയ്ക്കുകയും അവിടെനിന്ന് കൈ ഉയർത്തി അഹ്സാബിനെതിരെ ശാപപ്രാർത്ഥന നടത്തുകയും ചെയ്തു. ജാബിർ പറയുന്നു: ഞങ്ങൾ നബി(സ)യുടെ മുഖത്തുള്ള സന്തോഷം കാണുന്നുണ്ടായിരുന്നു. നബി(സ) പറഞ്ഞു: അല്ലയോ ജനങ്ങളേ! നിങ്ങൾ ശത്രുക്കളുമായി യുദ്ധം ആഗ്രഹിക്കരുത്, നിങ്ങൾ അല്ലാഹുവിനോട് സൗഖ്യം തേടുവിൻ, നിങ്ങളുടെ ശത്രുക്കളുമായി പൊരുതേണ്ടി വന്നാൽ നിങ്ങൾ സഹനം കൈക്കൊള്ളുക. അറിയുക, സ്വർഗം വാളുകളുടെ തണലിനു കീഴെയാകുന്നു. തുടർന്ന് ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുവേ ഗ്രന്ഥം ഇറക്കുന്നവനും ധ്രുതഗതിയിൽ കണക്കെടുപ്പ് നടത്തുന്നവനുമായ നാഥാ! നീ സൈന്യങ്ങളെ പരാജയപ്പെടുത്തേണമേ, അല്ലാഹുവേ! അവരെ പരാജയപ്പെടുത്തേണമേ, അവർക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വരുന്നു, അല്ലാഹുവേ ഞാൻ നിന്നോട് നിന്റെ ശപഥത്തെയും വാഗ്ദാനത്തെയും മുൻനിർത്തി ചോദിക്കുന്നു, അല്ലാഹുവേ നീ ആഗ്രഹിക്കുകയാണെങ്കിൽ ഈ ഇബാദത്ത് ചെയ്യപ്പെടുന്നതല്ല.

അബൂസഈദ് ഖുദ്രി വിവരിക്കുന്നു: ഞങ്ങൾ പറഞ്ഞു: യാ റസൂലല്ലാഹ് ഞങ്ങളുടെ കരളുകൾ വായിലേക്ക് എത്തിയിരിക്കുന്നു, (അത്രയും മോശമായ അവസ്ഥയിലാണ് ഉള്ളത്.) ഞങ്ങൾക്ക് പ്രാർത്ഥിക്കാൻ വല്ല വാചകങ്ങളും പറഞ്ഞു തന്നാലും! നബി(സ) പറഞ്ഞു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ, അല്ലാഹുവേ ഞങ്ങളുടെ ന്യൂനതകളെ മറച്ചു വെക്കേണമേ, ഞങ്ങളുടെ ഭയത്തെ അകറ്റുകയും ചെയ്യേണമേ,

യുദ്ധം അങ്ങനെ അതിന്റെ പാരമ്യതയിൽ എത്തിയിട്ടുണ്ടായിരുന്നു. മക്കയിലെ ഖുറൈശികളും അവരുടെ സഖ്യകക്ഷികളും നീണ്ടകാല ഉപരോധം നടത്തുന്നതുകൊണ്ട് പ്രയാസത്തിലായിരുന്നു. എത്രയും വേഗം ഒരു അവസാന ആക്രമണം നടത്തി മുസ്ലീങ്ങളെ വിപാടനം ചെയ്യുന്നതിൽ ധൃതിപ്പെടുകയായിരുന്നു. അവിശ്വാസി മൂപ്പന്മാർ അതിനുള്ള ഉപായം മെനയുകയായിരുന്നു. മറുഭാഗത്ത് അല്ലാഹു അവരുടെ ഉപായങ്ങളെ പരാജയപ്പെടുത്താൻ തീരുമാനിച്ചിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഗത്ഫാൻ ഗോത്രങ്ങളുടെ ശാഖയായ അശ്ജഅഃ ഗോത്രത്തിൽനിന്നുള്ള നഈം ബിൻ മസ്ഊദ് ഈ യുദ്ധത്തിൽ മുസ്ലിങ്ങൾക്കെതിരെ പൊരുതുന്നുണ്ടായിരുന്നു. ഇദ്ദേഹം മനസ്സുകൊണ്ട് മുസ്ലിമായിട്ടുണ്ടായിരുന്നു. പക്ഷേ അതുവരെയും കാഫിരീങ്ങൾക്ക് അദ്ദേഹം മുസ്ലിമായ വിവരം അറിയില്ലായിരുന്നു. (ഈ സന്ദർഭത്തെ മുതലെടുത്ത്) അദ്ദേഹം ഒരു ഉപായം മെനഞ്ഞു. ഏറ്റവുമാദ്യം നെയിം ബിൻ മസ്ഊദ്, ബനൂഖുറൈസയുടെ അടുക്കൽ എത്തി. കാരണം (അവരുടെ) മൂപ്പന്മാരുമായി അദ്ദേഹത്തിന് പഴയകാല ബന്ധങ്ങൾ ഉണ്ടായിരുന്നു. അവരുടെ നേതാക്കന്മാരെ കണ്ടു പറഞ്ഞു: നിങ്ങൾ മുഹമ്മദ്(സ)മായി ഉടമ്പടി ലംഘിച്ചുകൊണ്ട് ഖുറൈശികളുടെയും ഗത്ഫാൻകാരുടെയും കൂടെ ചേർന്നത് ഉചിതമായെന്ന് എനിക്ക് തോന്നുന്നില്ല. ഖുറൈശികളും ഗത്ഫൻകാരും ഇവിടെ മദീനയിൽ ഏതാനും ദിവസത്തെ അതിഥികൾ മാത്രമാണ്. നിങ്ങൾക്ക് ഏതായാലും ഇവിടെ തന്നെ താമസിക്കേണ്ടി വരും. ഖുറൈശികളും മറ്റും ഇവിടെനിന്ന് പോയാൽ നിങ്ങളെ മുസ്ലിങ്ങളുടെ ഔദാര്യത്തിൽ അവർ വിട്ടു പോകുന്നതാണ്. ആയതിനാൽ ചുരുങ്ങിയ പക്ഷം നിങ്ങൾ ഖുറൈശികളോടും ഗത്ഫാൻകാരോടും നിങ്ങളോട് അവർ വഞ്ചന കാണിക്കുകയില്ല എന്ന കാര്യത്തിൽ സമാധാനത്തിനുവേണ്ടി അവരുടെ കുറച്ച് ആളുകളെ ജാമ്യമായി നിങ്ങളുടെ അടുത്തേക്ക് അയക്കണമെന്ന് ആവശ്യപ്പെടുക. (നെയിം പറഞ്ഞ കാര്യം ബോധ്യപ്പെട്ട അവർ അതിനു തയ്യാറായി.) അതിനുശേഷം നഈം ബിൻ മസ്ഊദ് ഖുറൈശികളുടെ മൂപ്പന്മാരുടെ അടുത്തെത്തി പറഞ്ഞു; ബനൂ ഖുറൈസ വളരെ ഭയപ്പാടിലാണുള്ളത് അവർ നിങ്ങളോട് ജാമ്യം എന്ന നിലയ്ക്ക് ഏതാനും ആളുകളെ ആവശ്യപ്പെടുന്നതാണ്. പക്ഷേ നിങ്ങൾ ഒരിക്കലും ജാമ്യമായി ആരെയും കൊടുക്കരുത്. പിന്നെ അദ്ദേഹം തന്റെ ഗോത്രമായ ഗത്ഫാന്റെ അടുക്കൽ (ചെന്ന്) ഇതേ രീതിയിലുള്ള വർത്തമാനങ്ങൾ പറഞ്ഞു. ഇനി അല്ലാഹുവിന്റെ ഭാഗത്ത്നിന്നുണ്ടായ കാര്യവും നോക്കുക, ഖുറൈശികളും ഗത്ഫാൻകാരും നേരത്തെ തന്നെ മുസ്ലീങ്ങളെ ഒരേ സമയത്ത് ഒന്നിച്ച് ആക്രമിക്കണമെന്നു കരുതിയതാണ്.

അങ്ങനെ മുസ്‌ലീങ്ങൾ തങ്ങളുടെ അംഗബലത്തിന്റെ കുറവ് കാരണം അതിനെ നേരിടാൻ കഴിയാതെ ഏതെങ്കിലും ഭാഗത്ത് അവരുടെ നിര തകരും എന്നും അതിലൂടെ മദീനയിലേക്ക് കയറാമെന്നും അവർ കരുതി. ഈ നിർദേശാനുസരണം ബനൂഖുറൈസയോട് ആക്രമണത്തിന് തയ്യാറാവുകയെന്ന സന്ദേശം നൽകിയപ്പോൾ അവർ ഇങ്ങനെ മറുപടി കൊടുത്തു: നാളെ ഞങ്ങളുടെ സബത്തിന്റെ ദിവസമാണ്. അതുകൊണ്ട് ഞങ്ങൾക്ക് നിവൃത്തിയില്ല. മാത്രമല്ല ഏതാനും ആളുകളെ ഞങ്ങളുടെ അടുത്ത് ജാമ്യമായി നിർത്താതെ ഞങ്ങൾക്ക് ഈ ആക്രമണത്തിൽ നിങ്ങളോടൊപ്പം പങ്കെടുക്കാൻ കഴിയില്ല. ഈ കാര്യം സംഭവിച്ചപ്പോൾ നഈം പറഞ്ഞത് സത്യമാണ് എന്ന് അവർക്ക് ഇരുകൂട്ടർക്കും ബോധ്യമായി. അവർ ഇങ്ങനെ മറുപടി കൊടുത്തു: ഞങ്ങൾക്ക് ജാമ്യമായി ആരെയും തരാൻ കഴിയില്ല. നിങ്ങൾ സഹായിക്കാൻ വരുന്നുവെങ്കിൽ വന്നു കൊള്ളുക. ബനൂഖുറൈസക്ക് ഖുറൈശികളുടെയും ഗത്ഫാൻകാരുടെയും ഉദ്ദേശം നല്ലതല്ലെന്ന് ശരിക്കും മനസ്സിലായി. അങ്ങനെ നഈമിന്റെ ഉചിതമായ നീക്കം കാഫിരീങ്ങളുടെ ക്യാമ്പിൽ ഛിദ്രതയും ഭിന്നതയും ഉണ്ടാക്കി.

പിന്നെ അല്ലാഹുവിന്റെ വിധിയും രാത്രി ശക്തമായ കൊടുങ്കാറ്റ് രൂപത്തിൽ വെളിപ്പെട്ടു. അതിന്റെ വിശദീകരണത്തിൽ എഴുതുന്നു, അല്ലാഹു കഠിനമായ തണുപ്പുള്ള രാത്രിയിൽ വളരെ ശക്തമായ രീതിയിൽ കാറ്റിനെ അയച്ചു. അത് കാഫിരീങ്ങളുടെ അടുപ്പിൽ വച്ച പാത്രങ്ങളെ മറിച്ചിട്ടു; അവയെ എടുത്തെറിഞ്ഞു. പൊടിക്കാറ്റ് അവരുടെ കണ്ണുകളിൽ നിറഞ്ഞു. അവരുടെ ഉള്ളിൽ ദൗർബല്യവും ഭയവും ഉണ്ടായി. അങ്ങനെ അവർക്ക് തിരിച്ചു പോകേണ്ടിവന്നു.

ഹദ്റത് മിർസാ ബശീർ അഹ്‌മദ് സാഹിബ്[റ] ശക്തമായ കൊടുങ്കാറ്റിനെ പറ്റി വിശദീകരിച്ച ശേഷം എഴുതുന്നു, ഈ ദൃശ്യങ്ങളെല്ലാം നേരത്തെ തന്നെ ഉപരോധത്തിന്റെ അസ്വസ്ഥാജനകമായ ദൈർഘ്യവും ഐക്യത്തിൽ പരസ്പരമുള്ള വിശ്വാസക്കുറവുകൊണ്ടുള്ള കയ്പേറിയ അനുഭവവും കാരണം ചഞ്ചലപ്പെട്ടുകൊണ്ടിരുന്ന അന്ധവിശ്വാസികളായ അവരുടെ ഹൃദയത്തിൽ അസ്വസ്ഥത ഉണ്ടാക്കി. ഈ ഒരു ശക്തമായ ആഘാതം പിന്നെ അവർക്ക് സ്ഥിരത നൽകിയില്ല. രാവിലെ ആകുന്നതിനു മുമ്പേ മദീനയുടെ അന്തരീക്ഷം കാഫിരീങ്ങളുടെ പൊടിപടലങ്ങളിൽനിന്നും തികച്ചും മുക്തമായി.

ഈ കൊടുങ്കാറ്റ് ശക്തി പ്രാപിച്ചപ്പോൾ അബൂസുഫിയാൻ തൊട്ടടുത്തുള്ള ഖുറൈശി മൂപ്പന്മാരെ വിളിച്ചു പറഞ്ഞു: നമ്മുടെ പ്രയാസങ്ങൾ വർധിക്കുകയാണ്. ഇനി ഇവിടെ കൂടുതൽ തങ്ങുന്നത് ഉചിതമല്ല. അതുകൊണ്ട് നമ്മൾ തിരിച്ചു പോകുന്നതാണ് നല്ലത്. ഞാൻ ഏതായാലും തിരിച്ചു പോവുകയാണ്. അങ്ങനെ അയാൾ തന്റെ ആളുകളോട് തിരിച്ചു പോകാൻ കൽപ്പിച്ചു. പിന്നെ തന്റെ ഒട്ടകത്തിന്മേൽ കയറി, അയാൾ എത്ര മാത്രം പരിഭ്രമിച്ചിരുന്നുവെന്നാൽ ഒട്ടകത്തിന്റെ കാലിലെ കെട്ട് അഴിക്കാൻപോലും മറന്നുപോയി. ഒട്ടക സവാരിക്ക് കയറിയിട്ടും ഒട്ടകം നീങ്ങാതായപ്പോഴാണ് ഒട്ടകത്തിന്റെ കാലിലെ കെട്ട് അഴിച്ചിട്ടില്ല എന്ന് അയാൾക്ക് ഓർമ്മ വന്നത്. ആ സമയത്ത് അബൂജഹലിന്റെ മകൻ ഇക്‌രിമ അടുത്ത് നിൽക്കുന്നുണ്ടായിരുന്നു. അയാൾ വളരെ അസ്വസ്ഥതയോടെ പറഞ്ഞു: അബൂസുഫിയാൻ! നിങ്ങൾ സൈന്യാധിപനാണ്, സൈന്യത്തെ ഉപേക്ഷിച്ചു ഓടിപോവുകയാണോ? നിങ്ങൾ മറ്റുള്ളവരെ ശ്രദ്ധിക്കേണ്ടതല്ലേ? അപ്പോൾ അബൂസൂഫിയാൻ ലജ്ജിതനായി ഒട്ടകത്തിൽനിന്ന് ഇറങ്ങി പറഞ്ഞു: ശരി, ഞാൻ ഇപ്പോൾ പോകുന്നില്ല പക്ഷേ നിങ്ങളെല്ലാം വേഗം തയ്യാറെടുപ്പ് നടത്തുക. എത്രയും പെട്ടെന്ന് ഇവിടെനിന്ന് പോകേണ്ടതാണ്. അങ്ങനെ ആളുകൾ വേഗം വേഗം തയ്യാറെടുപ്പ് തുടങ്ങി. മറ്റുള്ളവർക്കും അറിയിപ്പ് കിട്ടിയപ്പോൾ അവരും പരിഭ്രമത്തോടുകൂടി തിരിച്ചുപോകാൻ തയ്യാറെടുപ്പ് നടത്തി. ബനൂഖുറൈസയും തങ്ങളുടെ കോട്ടകൾക്കുള്ളിലേക്ക് കയറിപ്പോയി. ബനൂ ഖുറൈസയോടൊപ്പം ബനൂനദീറിന്റെ നേതാവ് ഹുയ്യയ് ബിൻ അഖ്തബും അവരുടെ കോട്ടയിലേക്ക് കയറിപ്പോയി. അങ്ങനെ പ്രഭാതം പൊട്ടി വിടരുന്നതിനു മുമ്പേ മൈതാനം കാലിയായി. വളരെ സത്വരവും അവിചാരിതവുമായ നിലയിൽ മുസ്‌ലിംകൾ പരാജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കെ വിജയികളായി മാറുകയുണ്ടായി

തിരുനബി[സ]ന് ശത്രുക്കളുടെ പരാജയത്തെക്കുറിച്ച് അറിവു ലഭിച്ചപ്പോൾ അല്ലാഹുവി(ന്റെ സൈന്യത്തി)ന് നന്ദി പറഞ്ഞു. ഇത് നമ്മുടെ പരിശ്രമവും കയ്യൂക്കുംകൊണ്ട് അല്ല. മറിച്ച് അല്ലാഹുവിന്റ അനുഗ്രഹംകൊണ്ട് മാത്രമേ സാധ്യമാവുകയുള്ളൂ. അവൻ ഒരു നിമിഷംകൊണ്ട് അഹ്സാബിനെ പരാജയപ്പെടുത്തി. തുടർന്ന് കാഫിരീംകൾ പിന്തിരിഞ്ഞോടിയ വാർത്ത അതിശീഘ്രം മുസ്‌ലിം ക്യാംപുകളിൽ പരക്കുകയുണ്ടായി.

ബാക്കി ഭാഗം ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ലോകത്തിന്റെ അവസ്ഥ നിങ്ങൾക്ക് അറിയാവുന്നതുപോലെ അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. അത് നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അമേരിക്കയും വൻശക്തികളും നീതിപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. യുദ്ധം പരന്നു തുടങ്ങുകയാണ്. അല്ലാഹു അഹ്മദികളെയും നിരപരാധികളെയും ഇതിന്റെ ഭയാനകതയിൽനിന്നും ദുഷ്പ്രഭാവത്തിൽനിന്നും രക്ഷിക്കുമാറാകട്ടെ. അതിനുവേണ്ടി അല്ലാഹുവുമായുള്ള ബന്ധം നാം വർദ്ധിപ്പിക്കേണ്ടതാണ്. ദുആകളിലേക്ക് പ്രത്യേകം ശ്രദ്ധ തിരിക്കുകയാണ്. അതിലേക്ക് അഹ്മദികൾക്ക് പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. പാക്കിസ്ഥാനിലും അഹ്മദികളുടെ അവസ്ഥ വളരെയേറെ മോശമാണ്. അവർക്ക് വേണ്ടിയും ദുആ ചെയ്യുക.

ബംഗ്ലാദേശിലെ അഹ്മദികൾക്ക്‌വേണ്ടിയും ദുആ ചെയ്യുക. അവർക്ക്‌മേലും വളരെയേറെ കാഠിന്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു എല്ലാവർക്കും കരുണയും അനുഗ്രഹവും വർഷിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 04.10.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516